ചെയ്യുന്നതിലൂടെ നിലനിൽക്കുന്ന നേട്ടങ്ങളു   ാക്കാൻ സാധിക്കുമെന്നോ മനസ്സമാധാനത്തോടു കൂടി ജീവിക്കാൻ സാധിക്കുമെന്നോ ഞാൻ വിശ്വസിക്കുന്നില്ല. ദൈവത്തെ ധിക്കരിച്ചു ജീവിക്കുന്ന സമ്പന്നരെക്കാൾ ദൈവേഷ്ട പ്രകാരം ജീവിക്കുന്ന ദരിദ്രരാണ് സമാധാനവും സംതൃപ്തിയും അനുഭവിക്കുന്നത്. ഇനി ദാരിദ്ര്യവും പട്ടിണിയും കാരണം ഞായറാഴ്ച ജോലി ചെയ്യേ   ി വരുന്ന ആളുകളു   ങ്കിൽ നമ്മുടെ ഓരോ ഇടവകയും വിചാരിച്ചാൽ ഇവരെ സഹായിക്കാൻ സാധിക്കുകയില്ലേ? ഇങ്ങനെയുള്ളവർക്കായി ഞായറാഴ്ച്ച തോറും ചെറിയ തോതിലെങ്കിലും ഒരു ''സ്നേഹവിരുന്ന്'' നമ്മുടെ ഇടവകകളിൽ ആരംഭിക്കുന്നത് നല്ലൊരു ജീവകാരുണ്യ പ്രവൃത്തിയായരിക്കും.

നമ്മുടെ വിശ്വാസ ജീവിതവുമായി ആഴമായി ബന്ധപ്പെട്ട ചില സത്യങ്ങളാണ് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ ശ്രമിച്ചത്. ഈ ഇടയലേഖനം ഒരു പ്രാവശ്യം ദേവാലയത്തിൽ വായിച്ചതുകൊ   ു മാത്രമായില്ല. കുടുംബങ്ങളിലും ബി.സി.സി. കൂട്ടായ്മകളിലും ശുശ്രൂഷാ സമിതികളിലും ഇതേക്കുറിച്ച് ചർച്ച ചെയ്ത് പാളിച്ചകൾ തിരുത്തി ഞായറാഴ്ചാചരണത്തെ ഒന്നുകൂടി തിളക്കമുള്ളതാക്കത്തീർക്കാൻ സഹകരിക്കണമെന്ന് ഞാൻ നിങ്ങളേവരോടും അഭ്യർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

വെള്ളയമ്പലം — † സൂസപാക്യം എം

18.02.2009 — തിരുവനന്തപുരം മെത്രാപ്പോലീത്ത

---

***PS**: ഈ ഇടയലേഖനം 2009 മാർച്ച് മാസം 1-ാം തിയതി ഞായറാഴ്ച്ചയോ ജനങ്ങളുടെ സൗകര്യാർത്ഥം ഒന്നോ ര   ാ ഞായറാഴ്ച്ചകളിലായോ വായിച്ചു വിശദീകരിക്കേ   താണ്. ദേവാലയത്തിൽ വായിക്കുന്നതിനു പുറമേ വിവിധ ശുശ്രൂഷാ സമിതികളിലും അടിസ്ഥാന ക്രൈസ്തവ കൂട്ടായ്മകളിലും ഇതേക്കുറിച്ചു ചർച്ച ചെയ്യുന്നത് നന്നായിരിക്കും. ഞായറാഴ്ചാചരണത്തെ സംബന്ധിച്ച് ഓരോ ഇടവകയിലെയും ഇന്നത്തെ അവസ്ഥയെക്കുറിച്ചും ഈ ഇടയലേഖനത്തിന്റെ പശ്ചാത്തലത്തിൽ ഇനി ചെയ്യുവാനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചും ഒരു റിപ്പോർട്ട് പ്രതീക്ഷിക്കുന്നു.*